(ബി) ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. പ്രസിദ്ധീകരണങ്ങൾക്ക് എന്തുതുക ചെലവഴിച്ചുവെന്നും ഓരോ പ്രസിദ്ധീകരണത്തിനും എത്ര രൂപാ വീതമാണെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനപഥം, കേരളാ കോളിംഗ് (ഇംഗ്ലീഷ്), വികസന സമന്വയം, കേരള ഇന്റർ ഫേയ്സ് (ഇംഗ്ലീഷ്) എന്നിവയാണ് പി. ആർ. ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ.

(ബി) വികസന സമന്വയം, കേരളാ ഇന്റർ ഫേയ്സ് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. ജനപഥവും, കേരള കോളിംഗും സബ്സ്ക്രൈബ്ഡ് പ്രസിദ്ധീകരണങ്ങളാണെങ്കിലും തിരഞ്ഞെടുത്ത ചില വിഭാഗക്കാർക്ക് സൗജന്യമായി നൽകുന്നുണ്ട്.

(സി) സംസ്ഥാനത്തെ ഗ്രാമീണ ഗ്രന്ഥശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കോളേജുകൾ, വകുപ്പദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പബ്ലിക് ബോർഡുകൾ, കമ്മീഷനുകൾ, കേരളാ ഹൗസ്, ന്യൂഡൽഹി, സംസ്ഥാനത്തെ കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നിവേദനം

407 [2471] ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ നിവേദനത്തിന്റെ സാരാംശം ലഭ്യമാക്കുമോ;

(സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെല്ലാം മന്ത്രിമാരുമായി ചർച്ച ചെയ്തുവെന്നും ചർച്ചയിലെ തീരുമാനം എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സൗദി അറേബ്യയിൽ വച്ച് മരണമടയുന്ന പ്രവാസികളായ ഇൻഡ്യാക്കാരുടെ പ്രത്യേകിച്ച് കേരളീയരുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നത്, ഇറാഖിലേക്കുള്ള അനധികൃത റിക്രൂട്ട്മെന്റ് തടയുന്നത്, കോഴിക്കോട് എമിഗ്രേഷൻ ഓഫീസ് സ്ഥാപിക്കുന്നത്, ഗൾഫിൽനിന്നും മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി, വിമാന യാത്രക്കൂലി കുറയ്ക്കൽ, ഗൾഫ് രാജ്യങ്ങളിലേക്ക് ബജറ്റ് എയർലൈൻസ് ആരംഭിക്കുക, മലയാളം അറിയുന്നവരെ വിദേശ എംബസ്സികളിൽ നിയമിക്കുക, എയർ അറേബ്യയുടെ ചെലവ് കുറഞ്ഞ വിമാന സർവ്വീസ് അനുവദിക്കുക, പുതിയ കേന്ദ്ര ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ പ്രവാസി മലയാളികളെ ബാധിക്കുന്നത് എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള നിവേദനങ്ങൾ നിലവിലുള്ള കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്.

(സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ. നട്വർ സിംഗ്, കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ശ്രീ. സിസ് റാംഒല, സിവിൽ വ്യോമയാന വകുപ്പ് സഹമന്ത്രി ശ്രീ. പ്രഫുൽ പട്ടേൽ, കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി ശ്രീ. ജഗദീഷ് ടൈറ്റ്ലർ എന്നിവരെ 2004 മേയ് മാസം അവസാന വാരത്തിൽ നോർക്ക വകുപ്പുമന്ത്രിയും, സെക്രട്ടറിയും നേരിൽ കണ്ട് ചർച്ച നടത്തി. 2004 ജൂലൈ 10-ന് വിദേശകാര്യ വകുപ്പുമന്ത്രി ശ്രീ. നട്വർ സിംഗ് കേരളത്തിൽ വരികയും ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്തു. പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത പ്രസ്തുത കോൺഫറൻസിൽ വിദേശകാര്യ സഹമന്ത്രി, സംസ്ഥാന നോർക്ക വകുപ്പുമന്ത്രി, സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. കേരള സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിച്ച് തീരുമാനം എടുക്കുമെന്ന് വിദേശകാര്യ വകുപ്പുമന്ത്രി അറിയിച്ചു.

ഗൾഫിൽനിന്നും തിരിച്ചുവന്നവരും കുടിയേറ്റ കേസുകളും

408 [2472] ശ്രീ. ബിനോയ് വിശ്വം: കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മലയാളികൾ ഗൾഫ് രാജ്യങ്ങളിൽനിന്നും തൊഴിൽരഹിതരായി കേരളത്തിൽ തിരിച്ചെത്തിയിട്ടുണ്ടെന്നും അതിൽ എത്രപേരെ സംസ്ഥാന സർക്കാരിന് പുനരധിവസിപ്പിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly